## പൊതുഭരണത്തിലെ വ്യക്തിഗതപ്രവർത്തനം വിലയിരുത്തുന്നതിനുള്ള മാനദണ്ഡം

27 (3580) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുഭരണത്തിൽ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി ന്യായവും വിശ്വസ്തവുമായ മാനദണ്ഡങ്ങൾ ആവിഷ്കരിക്കുന്ന കാര്യം ആലോചിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

### ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനായി വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമ്പ്രദായം നിലവിലുണ്ട്. ഈ സംവിധാനത്തിൽ റിപ്പോർട്ടിംഗ് ഓഫീസർമാർ തങ്ങളുടെ കീഴിൽ ജോലി ചെയ്യുന്ന ഉയർന്ന തസ്തികയിലേക്ക് നിയമനത്തിന് തെരഞ്ഞെടുക്കലിലൂടെ അർഹരാകുന്ന ജീവനക്കാരുടെ വ്യക്തിഗത പ്രവർത്തനങ്ങൾ വിലയിരുത്തി വിശദാംശങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ രേഖപ്പെടുത്തി മേലധികാരിക്ക്/റിവ്യൂവിംഗ് ഓഫീസർക്ക് സമർപ്പിക്കുകയും മേലധികാരി/റിവ്യൂവിംഗ് ഓഫീസർ പ്രസ്തുത റിപ്പോർട്ട് റിവ്യൂ ചെയ്യുകയും ചെയ്യുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നത്.

(ബി&സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## തൃശ്ശൂർ ജില്ലയിലെ പുറമ്പോക്ക് നിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി

28 (3581) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 2012 ജൂലൈ മാസത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തൃശൂർ ജില്ലയിലെ സംയുക്ത പരിശോധന പൂർത്തിയാക്കിയ മലയോര കർഷകർക്കും പുളിയിലപ്പാറ നിവാസികൾക്കും മേച്ചിൽപ്പുറ നിവാസികൾക്കും മറ്റുവിവിധ പുറമ്പോക്കുകളിലെ നിവാസികൾക്കും രണ്ടുമാസത്തിനുള്ളിൽ പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഉറപ്പുനൽകിയിരുന്നുവെങ്കിലും ഇനിയും പട്ടയം അനുവദിച്ചു നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly